# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഷൊർണ്ണൂർ നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.എം.കാർത്ത്യായനിയ്ക്ക് ഒറ്റപ്പാലത്തെ വള്ളുവനാട് ആശുപത്രിയിൽ യൂടസ് നീക്കം ചെയ്യുന്നതിലേയ്ക്ക് നടത്തിയ ശസ്ത്രക്രിയയ്ക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.3254/2018/തസ്വഭവ തിരുവനന്തപുരം, തീയതി : 28/12/2018

പരാമർശം :
1) ശ്രീമതി.എം.കാർത്ത്യായനി 08/11/2013 തീയതിയായി സമർപ്പിച്ചിട്ടുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ.
2) ഷൊർണ്ണൂർ നഗരസഭാ കൗൺസിലിന്റെ 30/12/2013 തീയതിയിലെ 3-ാം നമ്പർ തീരുമാനം.
3) ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 15/01/2014, 06/03/2014 തീയതികളിലെ പ്എച്ച്1/4478/07 നമ്പർ കത്തുകൾ.
4) ശ്രീമതി.എം.കാർത്ത്യായനി ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറി മുമ്പാകെ സമർപ്പിച്ചിട്ടുള്ള 28/05/2014 തീയതിയായുള്ള സാക്ഷ്യപത്രം.
5) ശ്രീമതി.എം.കാർത്ത്യായനി സമർപ്പിച്ചിട്ടുള്ള വള്ളുവനാട് ആശുപത്രി അധികൃതരുടെ ഡിസ്ചാർജ്ജ് സമ്മറി സർട്ടിഫിക്കറ്റ്.
6) നഗരകാര്യ ഡയറക്ടറുടെ 28/03/2014, 21/04/2014, 26/12/2017, 28/12/2017 തീയതികളിലെ ഡിസി1-5695/14 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

ഒറ്റപ്പാലത്തെ വള്ളുവനാട് ആശുപത്രിയിൽ യൂടസ് നീക്കം ചെയ്യുന്നതിലേയ്ക്ക് നടത്തിയ ശസ്ത്രക്രിയയ്ക്ക് ചെലവായ 39,471/- രൂപ (മുപ്പത്തിയൊമ്പതിനായിരത്തി നാന്നൂറ്റി എഴുപത്തി ഒന്ന് രൂപാ മാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിലേയ്ക്ക് ഷൊർണ്ണൂർ നഗരസഭയിലെ സാനിട്ടേഷൻ വർക്കർ ശ്രീമതി.എം.കാർത്ത്യായനിയുടെ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം (3) പ്രകാരം കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി മുഖേന പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) പെട്ടെന്നുണ്ടായ വയറുവേദന കാരണം ഷൊർണ്ണൂർ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടിയെന്നും, ഓപ്പറേഷൻ വേണ്ടിവരുമെന്നും ആയതിനാൽ ഒരു ഗൈനക്കോളജിസ്റ്റിനെ കാണണമെന്ന് ഡോക്ടർ നിർദ്ദേശിച്ചതിനെ തുടർന്നാണ് സൗകര്യാർത്ഥം സ്വകാര്യ ആശുപത്രിയിൽ പോയതെന്നും ആയതിനാൽ ചികിത്സാ തുക അനുവദിക്കണമെന്ന് ശ്രീമതി.എം.കാർത്ത്യായനി അപേക്ഷിച്ചിരുന്നു. ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രിയായ

വള്ളുവനാട് ആശുപത്രിയിൽ ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതിയ്ക്കായി പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശയും ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് സർക്കാർ അംഗീകരിച്ചിട്ടില്ലാത്ത സ്വകാര്യ ആശുപത്രിയിൽ ശ്രീമതി.എം.കാർത്ത്യായനി ചികിത്സ തേടിയതിന്റെ പ്രത്യേക അടിയന്തര സാഹചര്യം പരിഗണിച്ച്, ഒറ്റപ്പാലത്തെ വള്ളുവനാട് ആശുപത്രിയിൽ യൂട്രസ് നീക്കം ചെയ്യുന്നതിലേയ്ക്ക് നടത്തിയ ശസ്ത്രക്രിയയ്ക്ക് ചെലവായ 39,471/- രൂപ (മുപ്പത്തിയൊമ്പതിനായിരത്തി നാനൂറ്റി എഴുപത്തി ഒന്ന് രൂപാ മാത്രം), കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് ഒരു പ്രത്യേക കേസായി പരിഗണിച്ച് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ, ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, തുക ഷൊർണ്ണൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതുമാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
സെക്രട്ടറി, ഷൊർണ്ണൂർ നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ